## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3911** **11.11.2019-ൽ മറുപടിക്ക്**

## ദന്തഡോക്ടർമാരുടെ നിയമനം

| ചോദ്യം<br>**ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ** | മറുപടി<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ദന്തരോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദന്തസംരക്ഷണത്തിനും ചികിത്സയ്ക്കും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. ഡെന്റൽ യൂണിറ്റുകളുടെ നവീകരണവും അത്യാധുനികമായ ഉപകരണങ്ങളും മെറ്റീരിയലുകളും ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സാ സൗകര്യങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. ഓരോ വർഷവും പൊതുജനങ്ങൾക്കും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കും വേണ്ടി ഡന്റൽ ക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിച്ചു വരുന്നു. |
| (ബി) നിലവിൽ സർക്കാർ ആശുപത്രികളിൽ ദന്തഡോക്ടർമാരുടെ അപര്യാപ്തത യുണ്ടോ; | (ബി) നിലവിൽ അസിസ്റ്റന്റ് ഡെന്റൽ സർജന്റെ ഒരൊഴിവും ഡെന്റൽ സിവിൽ സർജന്റെ ഒരൊഴിവും ഡെന്റൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നാല് ഒഴിവുകളും ആണുള്ളത്. ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡെന്റൽ ഡോക്ടർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) നിലവിൽ 40 സി.എച്ച്.സി കളിൽ ഡെന്റൽ സർജന്മാരുടെ തസ്തികകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ